തൃത്താല പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

72 (278) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല മണ്ഡലത്തിലെ തൃത്താല പോലീസ് സ്റ്റേഷൻ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃത്താല പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം ലഭ്യമാക്കാനുള്ള നടപടികളിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(സി) തൃത്താല പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജനം

73(279) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ മറ്റ് പോലീസ് സ്റ്റേഷനുകളെ അപേക്ഷിച്ച് ജോലിഭാരവും ഫയൽ ചെയ്യുന്ന കേസ്സുകളുടെ എണ്ണവും വളരെ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്റ്റേഷൻ വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ : വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

നെടുമങ്ങാട് പോലീസ് സ്റ്റേഷനു സ്വന്തമായി കെട്ടിടം

74(280) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ലാത്തതുമൂലം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly